# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. **200**</u>

<u>**07.02.2019** ൽ മറുപടിക്ക്</u>

<u>ക്വാറികളുടെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ക്വാറികൾ പ്രവർത്തിക്കുന്നത് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടത്തുന്ന പരിശോധനകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ; | (ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിൽ നിന്നും ക്വാറികളിൽ പരിശോധനകൾ നടത്തി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുസരിച്ച് സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല), കേരള മിനറൽ സ്ക്വാഡ് (ഉത്തര മേഖല), കേരള മിനറൽ സ്ക്വാഡ് (മദ്ധ്യ മേഖല) എന്നീ ഓഫീസുകളിൽ നിന്നും ക്വാറികളിൽ പരിശോധന നടത്തി സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്താറുണ്ട്. |
| (സി) സുപ്രീംകോടതി ഉത്തരവ് പ്രകാരം ക്വാറികളുടെ പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ അടച്ച് പൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) 02.12.2016 ലെ ബഹു. സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ക്വാറികൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ടി തീയതിയ്ക്കുശേഷം പാരിസ്ഥിതികാനുമതി സമ്പാദിക്കാതെ 2015 ലെ കെ.എം.എം.സി. ചട്ട പ്രകാരം ക്വാറി പ്രവർത്തനത്തിന് അനുമതി നൽകാറില്ല. സുപ്രീംകോടതി വിധി പ്രകാരം 27.02.2012 ന മുമ്പ് പ്രവർത്തിച്ചിരുന്ന ദീർഘകാല ലീസ് ക്വാറികൾക്ക് ലീസ് പുതുക്കുമ്പോൾ മാത്രം പാരിസ്ഥിതികാനുമതി സമ്പാദിച്ചാൽ മതിയാകും. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ഈ തീയതി, 18.05.2012 ന് മുമ്പ് എന്നാക്കിമാറ്റി ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചതിനാൽ, നിലവിൽ പ്രസ്തുത തീയതിക്കു ശേഷം അനുവദിക്കുന്ന എല്ലാ ക്വാറികൾക്കും |

പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾക്ക് നോട്ടീസ് നൽകി നിർത്തിവയ്പ്പിച്ചിട്ടുണ്ട്.

(ഡി) 2015 ൽ പുറത്തിറക്കിയ മൈനർ മിനറൽ കൺസ്ട്രക്ഷൻസ് ചട്ടപ്രകാരം സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ഖനനം നടത്തുന്ന ക്വാറികൾക്ക് ജനവാസ മേഖലയിൽ നിന്ന് 50 മീറ്റർ ദൂരപരിധി എന്നത് 100 മീറ്റർ ആയി ഉയർത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിച്ച് 2017 ൽ വിജ്ഞാപനം ചെയ്തത് എന്തടിസ്ഥാനത്തിലാണ് എന്ന റിയിക്കാമോ;

(ഡി) 07.02.2015 തീയതിയിൽ പുറത്തിറക്കിയ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ഖനനം നടത്തുന്ന ക്വാറികളിൽനിന്നും ആൾ താമസമുള്ള വീട്, റോഡ്, റെയിൽവെ ലൈൻ, പാലം, റിസർവോയർ, ടാങ്കുകൾ, സ്മാരകങ്ങൾ, കനാലുകൾ, പൊതു നിർമ്മിതികൾ എന്നിവിടങ്ങളിലേക്കുള്ള ദൂരപരിധി 100 മീറ്റർ ആയി ഉയർത്തിയിരുന്നു. 1960 - ലെ കേന്ദ്ര നിയമമായ മിനറൽ കൺസഷൻ ചട്ടപ്രകാരം മേൽപ്പറഞ്ഞ ദൂരപരിധി 50 മീറ്ററായിരുന്നു. 2016 - ൽ മിനറൽ കൺസഷൻ ചട്ടങ്ങൾ പുതുതായി രൂപപ്പെടുത്തിയപ്പോഴും ദൂരപരിധി 50 മീറ്റർ ആയിതന്നെ നിലനിർത്തുകയായിരുന്നു. ഈ സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന നിയമങ്ങളിൽ സമാനത കൈവരുത്തുന്നതിനാണ് 2015 - ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയത്.

(ഇ) പ്രസ്തുത വിജ്ഞാപന പ്രകാരം എത്ര പുതിയ ക്വാറികൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കാമോ?

(ഇ) 22.06.2017 തിയതിയിലെ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം 231 ക്വാറികൾക്കു അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ